**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് തൃപ്പന്നൂർ എയിഡഡ് അപ്പർ പ്രൈമറി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. കൃഷ്ണപ്രിയ പി ബി ഫയൽ ചെയ്ത റിട്ട് ഹർജി നം. 37179/2024 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 28/11/2024 തീയതി വിധിന്യായം പൂർണ്ണമായി നടപ്പിലാക്കാത്തതിനെതിരെ ഹർജിക്കാരി ഫയൽ ചെയ്ത COC No. 435/2025 കോടതി അലക്ഷ്യക്കേസിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 08/04/2025 തീയതിയിലെ ഇടക്കാല നിർദ്ദേശം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.4311/2025/GEDN തീയതി,തിരുവനന്തപുരം, 28-06-2025

---

പരാമർശം:-

1. പാലക്കാട് തൃപ്പന്നൂർ എയിഡഡ് അപ്പർ പ്രൈമറി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. കൃഷ്ണപ്രിയ പി ബി സർക്കാരിൽ സമർപ്പിച്ച 15/10/2024 തീയതിയിലെ പരിശോധനാ ഹർജി(Ext.P4).
2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 37179/2024 മേലുള്ള 28/11/2024 തീയതി വിധിന്യായം.
3. COC No. 435/2025 കോടതി അലക്ഷ്യക്കേസിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 08/04/2025 തീയതിയിലെ ഇടക്കാല നിർദ്ദേശം
4. ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 26/06/2025 തീയതിയിലെ AEOALT/1114/2024-G നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പാലക്കാട് തൃപ്പന്നൂർ എയിഡഡ് അപ്പർ പ്രൈമറി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. കൃഷ്ണപ്രിയ പി ബി ഫയൽ ചെയ്ത റിട്ട് ഹർജി നം. 37179/2024 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരിയുടെ നിയമനാംഗീകാരം നിരസിച്ച ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 31/05/2024 തീയതി ഉത്തരവ്(Ext. P1) റദ്ദാക്കുകയും ടിയായുടെ നിയമനം മറ്റെല്ലാ വിധത്തിലും യോഗ്യമെങ്കിൽ നിയമന തീയതി മുതൽ അംഗീകരിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. എന്നാൽ ഇക്കാര്യത്തിൽ ഹർജിക്കാരി സമർപ്പിച്ച പരാമർശം 1 റിവിഷൻ(Ext P4) സർക്കാരിൽ തീർപ്പാക്കാൻ അവശേഷിക്കുന്നു എന്ന കാരണം ചൂണ്ടിക്കാട്ടി 28/01/2025 തീയതി ഉത്തരവ് പ്രകാരം ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിയമനം വീണ്ടും നിരസിച്ച് റിട്ട് ഹർജി നം. 37179/2024 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച ടി വിധിന്യായം നടപ്പിലാക്കി

ഉത്തരവ് പുറപ്പെടുവിച്ചു. ആയതിനെതിരെ ഹർജിക്കാരി COC No. 435/2025 ഫയൽ ചെയ്യുകയും ടി കോടതി അലക്ഷ്യക്കേസിന്റെ പരാമർശം 3 ഇടക്കാല നിർദ്ദേശത്തിൽ ടി റിവിഷന് തീർപ്പാക്കാൻ റിവിഷണൽ അതോറിറ്റിയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ആയതിനാൽ ടി റിവിഷൻ തീർപ്പാക്കി തുടർ നിർദ്ദേശം നൽകണമെന്ന് പരാമർശം 4 കത്ത് പ്രകാരം ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ച പരാമർശം 1 റിവിഷൻ(Ext P4) പരിശോധിച്ചതിൽ, പാലക്കാട് തുപ്പനൂർ എയിഡഡ് അപ്പർ പ്രൈമറി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി.രജിത 31.03.2023-ന് വിരമിച്ച ഒഴിവിൽ മാനേജർ തന്നെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിൽ 10.07.2023 മുതൽ നിയമിക്കുകയും നിയമനാംഗീകാരത്തിനായി ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ പ്രോപ്പോസൽ സമർപ്പിച്ചെങ്കിലും SSLC, 12th തലങ്ങളിൽ മലയാള ഭാഷ പഠിച്ചിട്ടില്ലാത്തതിനാൽ അംഗീകാരം നിരസിച്ചെന്നും ആയതിനാൽ പ്രൈമറി അധ്യാപക നിയമനത്തിന് എസ്.എസ്.എൽ.സി., ഹയർ സെക്കൻഡറി തലത്തിൽ മലയാളം പഠിച്ചിരിക്കണം എന്ന് 22.05.2018 തീയതിയിലെ സ.ഉ.(കൈ)നം. 67/2018/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ടെങ്കിലും ടി വ്യവസ്ഥ ഉൾപ്പെടുത്തി കെ.ഇ.ആർ ഭേദഗതി വരുത്തിയിട്ടില്ലാത്തതിനാലും ചട്ടങ്ങളെ സർക്കാർ ഉത്തരവുകൾ കൊണ്ട് മറികടക്കാനാവില്ലായെന്ന് നിരവധി വിധിന്യായങ്ങളിൽ കോടതി വിധിപ്രസ്താവം നടത്തിയിട്ടുള്ളതിനാലും തന്റെ നിയമനം അംഗീകരിയ്ക്കാനുള്ള നിർദ്ദേശം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

3. ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരാമർശം 4 കത്ത് പരിശോധിച്ചതിൽ, പാലക്കാട് തുപ്പനൂർ എയിഡഡ് അപ്പർ പ്രൈമറി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി.രജിത 31.03.2023-ന് വിരമിച്ച ഒഴിവിൽ മാനേജർ ശ്രീമതി.സി.ബി.കൃഷ്ണപ്രിയയെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിൽ 10.07.2023 മുതൽ നിയമിക്കുകയും നിയമനാംഗീകാര അപേക്ഷ ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ സമർപ്പിക്കുകയും ചെയ്തിരുന്നു എന്നും നിയമനാർത്ഥിയുടെ യോഗ്യതകൾ പരിശോധിച്ചതിൽ ഹർജിക്കാരിക്ക് SSLC, 12th, TTC, K-TET എന്നീ യോഗ്യതകൾ ഉണ്ടെങ്കിലും SSLC 12th തലങ്ങളിൽ മലയാള ഭാഷ പഠിച്ചിട്ടില്ലാത്തതിനാലും ജി.ഒ(പി) നമ്പർ 87/2023/പൊ.വി.വ. തിയ്യതി 28.06.2023 സർക്കാർ ഉത്തരവിൽ, 24.02.2023 തീയതിയിലെ സ.ഉ.(കൈ)നം. 19/2023/പൊ.വി.വ. ഉത്തരവിന്റെ തീയതിയിൽ 22.05.2018 തീയതിയിലെ സ.ഉ.(കൈ)നം. 67/2018/പൊ.വി.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ട്രെയിനിംഗ് യോഗ്യത നേടിയവർക്കും ബന്ധപ്പെട്ട കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്കും മലയാളം പ്രാവീണ്യം ഉറപ്പാക്കുന്നതിനുള്ള യോഗ്യതാ പരീക്ഷാ എഴുതാം എന്ന് ഉത്തരവായിട്ടുള്ളതിനാൽ ടിയാളുടെ നിയമനം നിരസിച്ച് ഉത്തരവായെന്നും ആയതിനെതിരെയാണ് ഹർജിക്കാരി 15/10/2024 തീയതി റിവിഷൻ(Ext P4) സർക്കാരിൽ സമർപ്പിച്ചതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, ഹിയറിംഗ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പ്രൈമറി അധ്യാപക നിയമനത്തിന് എസ്.എസ്.എൽ.സി., ഹയർ സെക്കൻഡറി തലത്തിൽ മലയാളം പഠിച്ചിരിക്കണം എന്ന് 22.05.2018 തീയതിയിലെ സ.ഉ.(കൈ)നം. 67/2018/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ടെങ്കിലും ടി വ്യവസ്ഥ ഉൾപ്പെടുത്തി കെ.ഇ.ആർ ഭേദഗതി വരുത്തിയിട്ടില്ലാത്തതിനാൽ ഹർജിക്കാരിയായ പാലക്കാട് തുപ്പനൂർ എയിഡഡ് അപ്പർ

പ്രൈമറി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. കൃഷ്ണപ്രിയ പി ബി എസ്.എസ്.എൽ.സി., ഹയർ സെക്കൻഡറി തലത്തിൽ മലയാളം പഠിച്ചിട്ടില്ലെങ്കിലും ടിയാൾ മറ്റെല്ലാ വിധത്തിലും യോഗ്യയെങ്കിൽ ടിയാൾക്ക് നിലനിൽക്കാനുള്ള തസ്തിക ലഭ്യമായതിനാൽ ഭിന്നശേഷി സംവരണ വ്യവസ്ഥകൾക്ക് വിധേയമായി ടിയാളുടെ നിയമനം നിയമന തീയതിയായ 10.07.2023 മുതൽ അംഗീകരിയ്ക്കാൻ ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ടിയാൾ സർക്കാരിൽ സർപ്പിച്ച പരാമർശം 1 പുന:പരിശോധനാ ഹർജി(Ext P4) തീർപ്പാക്കി COC No. 435/2025 കോടതി അലക്ഷ്യക്കേസിന്മേൽ ബഹു കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 3 ഇടക്കാല നിർദ്ദേശം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലത്തൂർ.
മാനേജർ, എയിഡഡ് അപ്പർ പ്രൈമറി സ്കൂൾ, തൃപ്പന്നൂർ, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എയിഡഡ് അപ്പർ പ്രൈമറി സ്കൂൾ,
തൃപ്പന്നൂർ, പാലക്കാട്.
ശ്രീമതി. കൃഷ്ണപ്രിയ പി ബി, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ
എയിഡഡ് അപ്പർ പ്രൈമറി സ്കൂൾ, തൃപ്പന്നൂർ, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Zaheer Rahman A
സെക്ഷൻ ഓഫീസർ
Date: 28-06-2025 17:47:46